ശ്രീ. എം നാരായണക്കുറുപ്പ് : അതിനു കേന്ദ്രഗവണ്മെന്റിന്റെ അനുവാദം കിട്ടിക്കഴിഞ്ഞോ?

ശ്രീ. സി. അച്യുതമേനോൻ : കേന്ദ്രഗവണ്മെന്റിന്റെ അനുവാദം വേണ്ടാ, റിസർവ്വ് ബാങ്കിന്റെ മതി.

ശ്രീ. എം. നാരായണക്കുറുപ്പ് : അതു കിട്ടിയോ?

ശ്രീ. സി. അച്യുതമേനോൻ : ഉവ്വ്.

ശ്രീ. എം. നാരായണക്കുറുപ്പ് : അതിന്റെ നിബന്ധനകൾ എന്തെല്ലാമാണ്?

ശ്രീ. സി. അച്യുതമേനോൻ : അതു ഫ്ലോട്ടു ചെയ്യുന്ന അവസരത്തിൽ പറയാം. ഇഷ്യൂ പ്രൈസ് എന്താണ്, ഇന്ററസ്റ്റ് എന്താണ് എന്നെല്ലാം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

പുനലൂർ പേപ്പർ മില്ലിലെ മലിനജലം.

* 1413. [44] ശ്രീ. ആർ. സുശീലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മില്ലിൽനിന്നും കുഴൽവഴി കല്ലടയാറ്റിലേക്കു തുറന്നുവിടുന്ന വിഷദ്രാവകം കലർന്ന മലിനജലം കലർന്ന് നദിയിലെ വെള്ളം വിഷമയമാകുന്നതായി ഗവണ്മെന്റിനറിയാമോ ;

(ബി) ഈ നദിയിൽ കുളിക്കുന്നവർക്കും, നദിയിൽനിന്ന് വെള്ളം കുടിക്കുന്ന കന്നുകാലികൾക്കും, രോഗം പിടിപെടാറുണ്ടെന്ന് അറിയാമോ;

(സി) പൊതുജനാരോഗ്യകരമായ ഈ നടപടിയിൽനിന്നു പേപ്പർമിൽ ഉടമയെ പിൻതിരിപ്പിക്കുവാൻ ഗവണ്മെന്റു മുനിയുമോ ?

വ്യവസായവകുപ്പുമന്ത്രി : (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഇപ്പോൾ കമ്പനി ഒരു സോഡാ റെക്കവറി പ്ലാന്റു സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ വിഷദ്രാവകം കലർന്ന വിഷവെള്ളം നദിയിലേക്ക് വരേണ്ട ആവശ്യമില്ലെന്നാണറിയുന്നതു്.

(ബി) അപ്രകാരം ഈ അടുത്ത കാലത്തു സംഭവിക്കുന്നതായി ഗവണ്മെന്റിനറിവില്ല.

(സി) പൊതുജനാരോഗ്യകരമായ എന്തെങ്കിലും ഉണ്ടെന്നു വ്യക്തമാക്കുന്നപക്ഷം അനേക്ഷിച്ചു് വേണ്ട നടപടി ഗവണ്മെന്റു് എടുക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ സോഡാ റെക്കവറി പ്ലാന്റു സ്ഥാപിച്ചതുകൊണ്ട് ഈ വിഷദ്രാവകം കലർന്ന മലിനജലം നദിയിൽ ഒഴുകിച്ചേരുന്നതിനെ തടയുന്നതിനു് കഴിയുമെന്നാണോ കമ്പനി ഗവണ്മെന്റിനെ അറിയിച്ചിട്ടുള്ളതു്?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയാണ് അറിയിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ സോഡാറെക്കവറിപ്ലാന്റു സ്ഥാപിച്ചിട്ടുള്ളതു് സോഡാറെക്കവർ ചെയ്യുന്നതിനുവേണ്ടിയാണോ അതോ കമ്പനിയുടെ ആവശ്യത്തിലേക്കു് എടുക്കാനാണെന്നുള്ള വിവരം ഗവണ്മെന്റിനറിവുണ്ടോ ;

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ചു് അനേക്ഷിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ പ്ലാന്റു സ്ഥാപിച്ചതു് പേപ്പർ മില്ലിന്റെ ആവശ്യത്തിലേക്കാണെന്നും, അവിടെനിന്നും ഈ വിഷദ്രാവകം കലർന്ന ജലം കല്ലടയാറ്റിലാണ് ഒഴുകിപ്പോകുന്നതെന്നും ഗവണ്മെന്റു മനസ്സിലാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഗോപാലൻ : ഈ ഗവണ്മെൻറ കമ്പനിയുമായി ഇതേ സംബന്ധിച്ച് എഴുതിയതിൽ കമ്പനിയുടെ മറുപടി അയച്ചതിൻറെ ഫലമായിട്ട ഞാൻ പറഞ്ഞതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ പേപ്പർ മില്ലിൽ സ്ഥാപിച്ചിട്ടുള്ള സോഡാറെക്കവറി പ്ലാൻറ് ഉപയോഗശൂന്യമാണെന്നും ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയുകയാണെങ്കിൽ വീണ്ടും കമ്പനിക്കെഴുതി വേണ്ട നടപടി എടുക്കാം.

ശ്രീ. സി. എ. മാത്യു : ഈ മലിനജലം കല്ലടയാറിൽ വീഴുന്നില്ലാ എന്നുള്ളതാണോ ഗവണ്മെൻറിൻറെ ധാരണ ?

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ച് കമ്പനി അയച്ചു തന്നിട്ടുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സി. എ. മാത്യു : അതേക്കുറിച്ച് ഇപ്പോഴും പരാതിയുള്ള സ്ഥിതിക്ക് ഗവണ്മെൻറ അതേപ്പറ്റി വീണ്ടും അന്വേഷണം നടത്തി കമ്പനിയുടെ പേരിൽ നടപടി നടത്തുമോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇതേക്കുറിച്ച് വീണ്ടും കമ്പനിക്കെഴുതാൻ ഗവണ്മെൻറ തയ്യാറാണ്.

ശ്രീ. പി. ടി. ചാക്കോ : ഇതു സംബന്ധിച്ച് ഈ സഭയിൽ ഇതിനു മുമ്പ് ഈ കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് അതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ?

ശ്രീ. കെ. പി. ഗോപാലൻ : അതേക്കുറിച്ച് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിലേക്ക് എഴുതി. അവർ എന്തു നടപടിയെടുത്തു എന്നു വ്യക്തമായിട്ടിപ്പോഴും പറയാൻ നിവൃത്തിയില്ല..

ശ്രീ. ആർ. സുഗതൻ : കഴിഞ്ഞ മാസത്തിൽ ഈ മലിനജലം തുറന്നു വിട്ടതിൻറെ ഫലമായി സ്ഥലത്തുനിന്നു രണ്ടു ഫർലോംഗിനു അപ്പുറത്തുള്ള മത്സ്യങ്ങൾ ചത്തുപൊങ്ങിയതായി പത്രത്തിൽ കണ്ടതു ശരിയാണോ ?

ശ്രീ. കെ. പി. ഗോപാലൻ : മത്സ്യങ്ങൾ ചത്തുപൊങ്ങിയതായിട്ടുള്ള റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ : അതിൽനിന്നും കുറെ വെള്ളം എടുത്തു പബ്ലിക്ക് ഹെൽത്ത് ലാബ്രട്ടറിയിൽ പരിശോധിക്കാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതേപ്പറ്റി വേണ്ട ഏർപ്പാടു ചെയ്യാം.

ഭക്ഷ്യമന്ത്രിയുടെ ആസ്ഥാനസ്റ്റോറിലെ പര്യടനം.

* 1414. [46] ശ്രീ. ആർ. കൃഷ്ണൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മാസത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി ആസ്ഥാനസ്റ്റോറിൽ പര്യടനം നടത്തിയോ ;

(ബി) ഉണ്ടെങ്കിൽ ഉദ്ദേശമെന്തായിരുന്നു, അതിൻറെ കാര്യത്തിൽ വല്ല തീരുമാനവും എടുക്കുകയുണ്ടായോ ?

LIBRARY ARCHIVES Kerala Legislative Assembly